"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം -കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീ.ഷിബിൻ.കെ.കെ, യു.ഡി.ക്ലാർക്ക് ശ്രീ. ഗോകുൽ ദാസ്.പി.എം. എന്നിവർ സമർപ്പിച്ച പുനഃപരിശോധനാ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1662/2022/LSGD തീയതി,തിരുവനന്തപുരം, 13-07-2022

---

പരാമർശം:-
1. സ.ഉ.(സാധാ) നം.725/2019/തസ്വഭവ തീയതി 27/03//2019
2. ശ്രീ.ഷിബിൻ കെ.കെ, ശ്രീ.ഗോകുൽ ദാസ് എന്നിവർ 04.06.2019, 10.06.2019 എന്നീ തീയതികളിൽ സമർപ്പിച്ച റിവ്യൂ ഹർജി
3. സർക്കാരിന്റെ 13.08.2021 ലെ ഇപിബി3/294/2019/തസ്വഭവ നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 02.09.2021 ലെ PAN/5022/2019 - D1 (DP) നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലും മൊടക്കല്ലൂർ എം.എം.സി. ഹോസപിറ്റലിലും (മലബാർ മെഡിക്കൽ കോളേജ് ഹോസപിറ്റൽ) 23.09.2013-ൽ നടത്തിയ ആകസ്മിക പരിശോധനയിൽ, മൊടക്കല്ലൂർ എം.എം.സി. ഹോസ്പിറ്റലിൽ നിന്നും 2012-13 2-ാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയ അത്തോളി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ നടപടി ക്രമപ്രകാരമല്ലായെന്നും, എം.എം.സി. ഹോസ്പിറ്റലിലെ വിവിധ വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ മറച്ചുവച്ച് തൊഴിൽ നികുതി സംബന്ധിച്ച് വ്യാജ സത്യവാങ് മൂലം സമർപ്പിച്ച സ്ഥാപനത്തിനെതിരെ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചില്ലായെന്നും കണ്ടെത്തുകയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീഷിബിൻ കെ.കെ, യു.ഡി. ക്ലാർക്ക് ശ്രീ. ഗോകുൽ ദാസ് പി.എം. എന്നിവർക്കെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (1) പ്രകാരം ടിയാളുകളുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് അച്ചടക്ക നടപടി

തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. മേൽ ഉത്തരവിനെതിരെ ശ്രീ.ഷിബിൻ.കെ.കെ, ശ്രീ.ഗോകുൽ ദാസ് എന്നിവർ പരാമർശം (2) പ്രകാരം സമർ പ്പിക്കുകയുണ്ടായി. റിവ്യൂ ഹർജിയിൽ നേരിൽ കേൾക്കാൻ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 06/97/2021 രാവിലെ 11.30 ന് ശ്രീ.ഷിബിൻ.കെ.കെ, ശ്രീ.ഗോകുൽ ദാസ് എന്നിവരെ ഓൺലൈനായി കേൾക്കുകയുമുണ്ടായി. ഹിയറിംഗ് സമയത്ത് ഉന്നയിച്ച പ്രധാന വാദമുഖങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തികവർഷ അവസാനമായതിനാൽ പദ്ധതി പ്രവർത്തനവും നികുതി പിരിവും ഉൾപ്പെടെ വളരെ തിരക്കായിരുന്നുവെന്നും ആയതിനാലാണ് മലബാർ മെഡിക്കൽ കോളേജ് ചെയർമാൻ സമർപ്പിച്ച 2012-13 രണ്ടാം അർദ്ധ വർഷത്തെ സ്റ്റേറ്റ്മെന്റ് പ്രകാരം നികുതി ഈടാക്കേണ്ടി വന്നതെന്നും എന്നാൽ നികുതി ഈടാക്കുന്നതിന് മുൻപ് മുൻ വർഷത്തെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും മറ്റും പരിശോധിച്ചതിനുശേഷം മാത്രമേ നികുതി ഈടാക്കാവൂ എന്ന് വാക്കാൽ നിർദ്ദേശം നൽകിയിരുന്നുവെന്നും ശ്രീ.കെ.കെ.ഷിബിൻ അറിയിക്കുകയുണ്ടായി. MMC ചെയർമാൻ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് പ്രകാരം പരിശോധന നടത്തുന്നതിനും ആരെയെങ്കിലും തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥയില്ലെന്നും, നികുതിയിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ മാത്രമേ കഴിയുകയുള്ളൂവെന്ന് ശ്രീ.കെ.കെ.ഷിബിൻ ഹിയറിംഗ് വേളയിൽ വ്യക്തമാക്കുകയുണ്ടായി. MMC ചെയർമാൻ ഒഴിവാക്കിയ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി പിന്നീട് പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടുണ്ടെന്നും ആയതിനാൽ പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലായെന്നും തങ്ങളെ ശിക്ഷയിൽ നിന്നും ഒഴിവാക്കണമെന്ന് കാണിച്ച് സർക്കാരിന് ശുപാർശ ചെയ്യാൻ അത്തോളി ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും മേൽ വസ്തുതകളെല്ലാം പരിഗണിച്ച് തന്നെ കുറ്റവിമുക്തമാക്കണമെന്നും ശ്രീ.ഷിബിൻ അഭ്യർത്ഥിച്ചു.

ജനന മരണ രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ എന്നിവ കൈകാര്യം ചെയ്യുന്ന ക്ലർക്കായിരുന്ന തനിക്ക് രണ്ട് ക്ലർക്കുമാർ അവധിയെടുത്തതിനെ തുടർന്ന് പദ്ധതി പ്രവർത്തനങ്ങൾ, DPO ലൈസൻസ്, MPഫണ്ട്, എസ്റ്റാബ്ലിഷ്മെന്റ്, തൊഴിൽ നികുതി എന്നീ സെക്ഷനുകളിലുള്ള അധിക ചുമതല നൽകുകയായിരുന്നുവെന്നും, അധികജോലിഭാരവും സാമ്പത്തികവർഷ അവസാനമായതിന്റെ തിരക്കും കാരണമാണ് MMC ചെയർമാൻ

സമർപ്പിച്ച അപൂർണ്ണമായ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് സ്വീകരിച്ച് നികുതി ഈടാക്കേണ്ടി വന്നതെന്നും ശ്രീ.ഗോകൽദാസ് ഹീയറിംഗ് വേളയിൽ വ്യക്തമാക്കുകയുണ്ടായി. വ്യാജ സത്യവാങ്മൂലം സമർപ്പിച്ച എന്ന് ബോധ്യപ്പെട്ടയുടനെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലാത്ത സാഹചര്യത്തിലും അക്കാലത്ത് ജീവനക്കാരെന്ന നിലയിൽ നൽകിയ സേവനവും മറ്റും പരിഗണിച്ച് തങ്ങളെ ശിക്ഷയിൽ നിന്ന് ഒഴിവാക്കണമെന്ന് സർക്കാരിനോട് അപേക്ഷിക്കുന്നതിന് അത്തോളി ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിനാൽ ശിക്ഷണ നടപടികൾ പുന:പരിശോധിച്ച് കുറ്റവിമുക്തനാക്കണമെന്നും ശ്രീ.ഗോകുൽദാസ് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊഴിലുടമ ലഭ്യമാക്കിയ പട്ടികയിൽ ജീവനക്കാരന്റെ പേര്, ആകെ തുക, ഈടാക്കിയ നികുതി എന്നിവ ഒഴികെ ആവശ്യമായ മറ്റ് വിവരങ്ങൾ ഉൾപ്പെടേണ്ട കോളങ്ങൾ പൂരിപ്പിക്കാതെ സമർപ്പിച്ച അപൂർണ്ണമായ പട്ടിക സ്വീകരിച്ചതും തൊഴിലുടമ സമർപ്പിച്ച പട്ടികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പ വരുത്തുന്നതിന് തൊഴിൽ നികുതി ചട്ടം റൂൾ 18(3)- ൽ നിഷ്കർഷിച്ചതും തൊഴിലുടമ സൂക്ഷിക്കേണ്ടതുമായ 5 ാം നമ്പർ രജിസ്റ്ററുമായി താരതമ്യം ചെയ്യാതിരുന്നതും ഹെഡ് ക്ലാർക്ക് ശ്രീ. ഷിബിൻ കെ.കെ, സീനിയർ ക്ലാർക്ക് ശ്രീ. ഗോകൽദാസ് എന്നിവരുടെ വീഴ്ചയായി നിലനിൽക്കുന്നു. എന്നിരിക്കിലും സാമ്പത്തികവർഷ അവസാനമായതിനാൽ പദ്ധതി പ്രവർത്തനങ്ങൾ, ലൈസൻസ്, MPഫണ്ട് ,തൊഴിൽ നികുതി എന്നിവ സംബന്ധിച്ച ജോലിഭാരം കണക്കിലെടുത്തും ആദ്യം അടയ്ക്കാൻ വിട്ടുപോയ തൊഴിൽ നികുതി MMC ചെയർമാനിൽ നിന്നും പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന വസ്തുത കൂടി കണക്കിലെടുത്തും ഇതുവഴി പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നത് പരിഗണിച്ചും പ്രസ്തുത വിഷയത്തിൽ അത്തോളി ഗ്രാമ പഞ്ചായത്തിന്റെ 25/09/19 ലെ 25-ാം നമ്പർ യോഗ തീരുമാനത്തിന്റെ വെളിച്ചത്തിലും ശ്രീ.ഷിബിൻ കെ.കെ., ശ്രീ.ഗോകൽദാസ് എന്നിവർക്ക് നൽകിയ ശിക്ഷയിൽ ഇളവ് നൽകാവുന്നതായി കാണുന്നു. മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീ.ഷിബിൻ കെ.കെ, യു.ഡി.ക്ലാർക്ക് ശ്രീ.ഗോകുൽ ദാസ്.പി.എം. എന്നിവർക്ക് അച്ചടക്കനടപടി തീർപ്പാക്കിക്കൊണ്ട് ടിയാളുകളുടെ വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു തീർപ്പാക്കിയ ശിക്ഷയിൽ ഇളവ് വരുത്തി ടിയാളുകളുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് 6 മാസത്തേയ്ക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ നല്കിക്കൊണ്ട്

ടിയാന്മാർ സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.ഷിബിൻ കെ.കെ, മുൻ ഹെഡ് ക്ലാർക്ക്, അത്തോളി ഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ല (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീ.ഗോകുൽ ദാസ് പി.എം, മുൻ യു.ഡി. ക്ലാർക്ക്, അത്തോളി ഗ്രാമപഞ്ചായത്ത് കോഴിക്കോട് ജില്ല (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/294/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Sudheer S S**
**Date: 13-07-2022 11:47:42**

സെക്ഷൻ ഓഫീസർ